ഓട്ടോ ഡ്രൈവർമാരുടെ ഇരട്ടക്കൊലപാതകം

മണിക്കായി തമിഴ്നാട്-കേരള പൊലീസ് സംയുക്ത അന്വേഷണം

■കൊലപാതകത്തിന് കാരണം ഒറ്റുകൊടുത്തതും ക്വട്ടേഷനും

▸ജയിംസ് കുട്ടൻചിറ

കോട്ടയം: ബോഡിമെട്ട് ചുരത്തിലെ ഇരട്ടക്കൊലപാതക കേസിലെ പ്രതിയും കൊട്ടംകുറ്റവാളിയുമായ തിരുനെൽവേലി സ്വദേശി മണിക്കായി (45) തമിഴ്നാട്, കേരള പൊലീസ് സംയുക്തമായി തെരച്ചിൽ ആരംഭിച്ചു. തമിഴ്നാട് പൊലീസ് പ്രത്യേക സംഘം രൂപീകരിച്ചാണ് അന്വേഷണം വിപുലീകരിച്ചിരിക്കുന്നത്. അതേസമയം കേരള പൊലീസും പ്രതിക്കായി തെരച്ചിൽ ശക്തമാക്കിയിരിക്കുകയാണ്. മണി ഒളിവിൽ കഴിയാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഇന്നലെ രാത്രി മൂന്നാർ ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇയാളെക്കുറിച്ച് ചില സൂചനകൾ ലഭിച്ചതായി അറിയുന്നു. മണിയുടെ നേതൃത്വത്തിൽ മൂന്നോ നാലോ പേർ ചേർന്നാണ് കൊലനടത്തിയതെന്നാണ് പൊലീസ് നിഗമനം.

ശനിയാഴ്ച രാത്രിയിലാണ് അരുംകൊല നടന്നത്. എല്ലപ്പെട്ടി സ്വദേശികളും ഓട്ടോറിക്ഷാ ഡ്രൈവർമാരുമായ തങ്കമുത്തു എന്ന വിളിക്കുന്ന ശരവണൻ (19), ജോൺ പീറ്റർ (18) എന്നിവരാണ് കൊല്ലപ്പെട്ടത്. ഓട്ടോറിക്ഷ ഓട്ടം വിളിച്ചുകൊണ്ടുപോയി തമിഴ്നാട് തേനി ബോഡിമെട്ടിന് സമീപം മണപ്പെട്ടിയിൽ റോഡരികിൽ വെട്ടിക്കൊലപ്പെടുത്തിയ നിലയിൽ ഇരുവരെയും കണ്ടെത്തുകയായിരുന്നു. മണിയുടെ ബന്ധു ചാരായം വാറ്റിയതിന് എക്സൈസിനെ അറിയിച്ചത് ശരവണൻ ആണെന്ന് തെറ്റിദ്ധരിച്ചാണ് ഇയാളെ ഓട്ടം വിളിച്ചുകൊണ്ടുപോയികൊല്ലാൻ കാരണമെന്ന് അറിയുന്നു. ശരവണന് ക്വട്ടപോയതാണ് പീറ്റർ.

മണിയുമായിബന്ധമുള്ളനാലുപേരെ തമിഴ്നാട് പൊലീസ് ഞായറാഴ്ചകസ്റ്റഡിയിലെടുത്തിരുന്നു. മൂന്നാർ എല്ലപ്പെട്ടി എസ്റ്റേറ്റിലെ വിമൽ, ചെല്ലദുരൈ, സെന്തിൽ, രമേശ് എന്നിവരെയാണ് കസ്റ്റഡിയിലെടുത്തത്. ചെല്ലപ്പെട്ടി എസ്റ്റേറ്റിൽ കഴിഞ്ഞയാഴ്ച മണി എത്തി അഞ്ചുദിവസം കഴിഞ്ഞിരുന്നതായും തന്റെ വീട്ടിലാണ് താമസിച്ചതെന്നും വിമൽ പൊലീസിനോട് പറഞ്ഞു. മുൻ പഞ്ചായത്ത് അംഗവും സി.പി.ഐ യുവജനവിഭാഗം നേതാവുമാണ് വിമൽ. വിമൽ വാങ്ങിയ മൊബൈൽ സിം കാർഡാണ് മണി ഉപയോഗിച്ചിരുന്നത്. വിമലിനെ തമിഴ്നാട് പൊലീസ് വിശദമായി ചോദ്യം ചെയ്തവരികയാണ്.

ശനിയാഴ്ച രാത്രി എട്ടരയോടെയാണ് മൂന്നാറിൽ നിന്നും പുറപ്പെട്ട ഓട്ടോറിക്ഷ രാത്രി 12.30ന് ബോഡിമെട്ടിലെ തമിഴ്നാട് ചെക്ക് പോസ്റ്റിൽ ഒപ്പിട്ട് ശേഷം മണപ്പെട്ടി ഭാഗത്തേക്ക് പോയത്. ഇതേ സമയത്ത് മണപ്പെട്ടി ഭാഗത്ത് ഒരു ടാറ്റ സുമോ ഏറെനേരം കിടന്നിരുന്നതായി തേനി പൊലീസ് കണ്ടെത്തിയിരുന്നു. വാഹനത്തിൽ മൂന്നു പേർ ഉണ്ടായിരുന്നതായും അറിയുന്നു.

ഓട്ടോ തടഞ്ഞുനിർത്തി ഇരുവരെയും വെട്ടിക്കൊലപ്പെടുത്തുകയായിരുന്നുവെന്നാണ് കൊരങ്ങണി എസ്.ഐ സഹദേവൻ കേരള പൊലീസിനെ അറിയിച്ചത്. കൂടാതെ ഓട്ടോറിക്ഷ ഏർപ്പാടാക്കിക്കൊടുത്ത സെന്തലിനെ സംഭവം കഴിഞ്ഞ് മണിമൊബൈലിൽ വിളിച്ചിരുന്നതായും പൊലീസ് കണ്ടെത്തിയിട്ടുണ്ട്.

മണിയുടെ രക്ഷിതാക്കൾ എല്ലപ്പെട്ടി എസ്റ്റേറ്റിലെ തൊഴിലാളികളാണ്. ജോലിയിൽ നിന്ന് വിരമിച്ചതോടെ മാതാപിതാക്കൾ തിരുനൽവേലിയിലെ പുതുക്കുളത്തിലേക്ക് മടങ്ങിപ്പോയി. കൂടെ മണിയും അവിടെയെത്തി. തുടർന്ന് ഗ്രൂപ്പുണ്ടാക്കി സംഘത്തിൽ അംഗമായിതീർന്ന മണി താമസിയാതെ അവിടെത്തെ കുപ്രസിദ്ധ നേതാവായി മാറുകയായിരുന്നു. പതിനഞ്ചോളം വെട്ട് കുത്ത് കേസുകളിലും നാല് കൊലപാതക കേസുകളിലും മണി പ്രതിയാണെന്ന് തേനി പൊലീസ് അറിയിച്ചു.

ഏത് ക്വട്ടേഷനും മണി സ്വീകരിക്കും. അത് ഏറ്റെടുത്താൽ എത്ര വിലകൊടുത്തും ക്വട്ടേഷൻ നടപ്പാക്കും. ഇതാണ് മണിയുടെ രീതി. ഇതിനാൽതന്നെ തോട്ടം ഉടമകളും വ്യവസായികളും ഇയാളുടെ സഹായം തേടിയിരുന്നു. ഇത് ഇയാൾക്ക് വൻ സാമ്പത്തിക നേട്ടമുണ്ടാക്കി. ബോഡിമെട്ട് ഗവ. ആശുപത്രിയിൽ പോസ്റ്റുമോർട്ടം ചെയ്ത രണ്ടു മൃതദേഹങ്ങളും ബന്ധുക്കൾ ഏറ്റുവാങ്ങി ഞായറാഴ്ച രാത്രിയിൽ സംസ്കരിച്ചു.

നിർമ്മൽ തട്ടിപ്പ്: കൂട്ടാളികളുടെ രേഖാ ചിത്രങ്ങളും ഉടൻ

തിരുവനന്തപുരം: നിർമ്മൽചിട്ടിതട്ടിപ്പ്കേസിൽ ചിട്ടിക്കമ്പനിയുടമയ്ക്കുപുറമേ പാർട്ണർമാരുടെയും രേഖാചിത്രം തയ്യാറാക്കാൻ തമിഴ്നാട് പൊലീസ് ശ്രമം തുടങ്ങി. ഒളിവിൽകഴിയുന്ന ചിട്ടിക്കമ്പനിഡയറക്ടർമാരെ പിടികൂടാനുള്ള ശ്രമത്തിന്റെ ഭാഗമാണ് നടപടി. ചിട്ടിതട്ടിപ്പ് കേസിലെ പ്രധാന പ്രതി നിർമ്മൽ കൃഷ്ണയുടെ ഫോട്ടോയുൾപ്പെടെ എല്ലാ വിവരങ്ങളും പൊലീസിന്റെ പക്കലുണ്ടായിട്ടും അയാളെ പിടികൂടാനുള്ള നടപടിയൊന്നും ഇതുവരെയും ഉണ്ടാകാത്ത സാഹചര്യത്തിൽരേഖാചിത്രംതയ്യാറാക്കുന്നതിൽ കഴമ്പില്ലെന്നാണ്ആക്ഷൻകൗൺസിൽഭാരവാഹികളുടെ പ്രതികരണം.

നിർമ്മൽ കൃഷ്ണയുൾപ്പെടെ പതിനെട്ട് പേരെ പ്രതിയാക്കിയാണ്പൊലീസ് ചിട്ടി തട്ടിപ്പ്കേസ് രജിസ്റ്റർ ചെയ്തതെങ്കിലും ഇതിൽ അഞ്ച് പേരെ മാത്രമേ ഇതുവരെ പിടികൂടാൻ പൊലീസിനായിട്ടുള്ളൂ. കേസിൽ തമിഴ്നാട് പൊലീസുമായി സംയുക്ത അന്വേഷണത്തിന് നേതൃത്വം നൽകുന്ന കേരളക്രൈംബ്രാഞ്ച് സംഘവും പ്രതികളെ പിടികൂടാനുള്ള നടപടികൾക്കൊന്നും ഇതുവരെ ഒരുമ്പെട്ടിട്ടില്ല. അതേസമയം, തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട പണം തിരികെ നൽകുന്നതിനുള്ള നടപടികൾക്കാണ് തമിഴ്നാട് പൊലീസ് പ്രാധാന്യം നൽകുന്നതെന്നും പറയപ്പെടുന്നുണ്ട്. നിർമ്മലുൾപ്പെടെയുള്ളവർക്കെതിരായ ക്രിമിനൽകേസും നടപടികളും പുരോഗമിക്കുന്നതിനൊപ്പം ഇവരുടെ കണ്ടുകെട്ടിയ സ്വത്തുക്കളിൽ നിന്നും നിക്ഷേപങ്ങളിൽ നിന്നും തട്ടിപ്പിനിരയായവർക്ക് നിക്ഷേപത്തുക മടക്കി നൽകുകയാണ് ലക്ഷ്യം. തമിഴ്നാട്ടിൽ നിലവിലുള്ള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡിപ്പോസിറ്റേഴ്സ് ആക്ട് പ്രകാരം പൊലീസിനുള്ള അധികാരം ഉപയോഗിച്ചാണ് ഈ നടപടി.

മഴ തോർന്നിട്ടും തീരാതെ നേമം സബ്‌വേയിലെ വെള്ളക്കെട്ട്

തിരുവനന്തപുരം: കഴിഞ്ഞ രണ്ടുദിവസമായി നഗരത്തിൽ പെയ്ത മഴ കാരണം നേമം സബ്‌വേയിൽ രൂപപ്പെട്ട വെള്ളക്കെട്ട് ജനങ്ങൾക്ക് ദുരിതമാകുന്നു. നേമം യു. പി സ്കൂളിലേക്ക് പോകാൻ വിദ്യാർത്ഥികൾ കൂടുതലായും ആശ്രയിക്കുന്നത് ഈ പാതയാണ്. മുട്ടോളം വെള്ളമാണ് സബ്‌വേയിൽ. കെട്ടിനിൽക്കുന്ന വെള്ളത്തിന് ദുർഗന്ധവുമുണ്ട്.

കഴിഞ്ഞ വർഷവും മഴക്കാലത്ത് സമാനമായ രീതിയിൽ വെള്ളക്കെട്ടുണ്ടായതിനെത്തുടർന്ന് നാട്ടുകാരും പ്രതിഷേധിച്ചിരുന്നു. ഇതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പ് എൻജിനീയർമാരുടെ നേതൃത്വത്തിൽ ലക്ഷങ്ങൾ മുടക്കി അടിപ്പാതയിലേക്ക് വെള്ളം ഒലിച്ചിറങ്ങുന്ന സ്ഥലങ്ങൾ കണ്ടെത്തി അത് ഗ്രൗട്ടിംഗും മറ്റും നടത്തി അടച്ചിരുന്നു. എന്നാൽ സ്ഥിതി ഇപ്പോഴും അതേപടിതന്നെ തുടരുന്നു.

വെള്ളം ഒഴുകിപ്പോകാൻ നേമം യു. പി സ്കൂളിനുള്ളിൽ ഭ്രമിക്കടിയിൽ ടാങ്കും നിർമിച്ചിരുന്നു. ഇതിൽ കെട്ടുന്ന വെള്ളം പമ്പ് ചെയ്യുകയുമായിരുന്നു പദ്ധതി. എന്നാൽ, കഴിഞ്ഞരണ്ടുദിവസംപെയ്ത മഴയിൽ വെള്ളക്കെട്ട് രൂപപ്പെടുകയായിരുന്നു.

മഴയെത്തുടർന്ന് വെള്ളം കെട്ടിക്കിടക്കുന്ന നേമം സബ്‌വേയിലൂടെ സ്കൂളിലേക്ക് പോകുന്ന വിദ്യാർത്ഥികൾ

സി.പി.ഐ പെരുന്താന്നി ബ്രാഞ്ച് സമ്മേളനം

തിരുവനന്തപുരം: സി.പി.ഐ പെരുന്താന്നി ബ്രാഞ്ച് സമ്മേളനം സത്യശൂർത്തിയുടെ അദ്ധ്യക്ഷതയിൽ കൂടി. ആൾ സെയിന്റ്സ് അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ബ്രാഞ്ച് സെക്രട്ടറിയായി ഗോപകുമാറിനെയും അസി. സെക്രട്ടറിയായി സത്യശൂർത്തിയെയും തിരഞ്ഞെടുത്തു.

ചാക്ക ഐ.ടി.ഐ ബ്രാഞ്ച് സമ്മേളനം ചാക്ക അപ്പുക്കുട്ടന്റെ അദ്ധ്യക്ഷതയിൽ കൂടി. ബ്രാഞ്ച് സെക്രട്ടറിയായി മനോഹരനെയും അസി. സെക്രട്ടറിയായി മധുവിനെയും തിരഞ്ഞെടുത്തു.

പാൽക്കുളങ്ങര ബ്രാഞ്ച് സമ്മേളനം ലതയുടെ അദ്ധ്യക്ഷതയിൽകൂടി. പെരുന്താന്നിസുരേഷിനെയും അസിസ്റ്റന്റ് സെക്രട്ടറിമാരായി ആനന്ദ്എം.എസിനെയും കവറടി അഭിലാഷിനെയും തിരഞ്ഞെടുത്തു.

ബ്രാഞ്ച്സമ്മേളനം

തിരുവനന്തപുരം: സി.പി.ഐ ടൈറ്റാനിയം മേഖലയിൽ ബോട്ട് ക്ലബ് ബ്രാഞ്ച് സമ്മേളനം വേളിയുത്ത് ഹോസ്റ്റലിൽ സുകുമാരന്റെ അദ്ധ്യക്ഷതയിൽ കൂടി. ബ്രാഞ്ച് സെക്രട്ടറിയായി ജി. വിജയനെയും അസിസ്റ്റന്റ് സെക്രട്ടറിയായി ഉദയനെയും തിരഞ്ഞെടുത്തു.

ബാല നഗർ ബ്രാഞ്ച് സമ്മേളനം എൻ. കാർത്തികേയൻ സ്മാരക ഹാൾ (ബാലനഗർ സി.പി.ഐ ബ്രാഞ്ച് ഓഫീസ്) അനുരാജിന്റെ അദ്ധ്യക്ഷതയിൽ കൂടി. ബ്രാഞ്ച് സെക്രട്ടറിയായി ബാലനഗർ രാമചന്ദ്രനെയും അസിസ്റ്റന്റ് സെക്രട്ടറിയായി മനോജിനെയും തിരഞ്ഞെടുത്തു.

കള്ളനോട്ട് കേസ് പ്രതി അറസ്റ്റിൽ

പന്തളം: രണ്ടര ലക്ഷം രൂപയുടെ കള്ളനോട്ട കേസിലെ പ്രതി അറസ്റ്റിൽ. കോയമ്പത്തൂർ തുടിയാനൂർ വളച്ചിത്ര നഗറിൽ താമസിക്കുന്ന തൃശ്ശൂർ വടക്കാഞ്ചേരി കാരത്ര മേലേചിറകത്ത് വിജയൻ എന്നു വിളിക്കുന്ന രാധാകൃഷ്ണൻ (56) ആണ് പന്തളം പൊലീസിന്റെ പിടിയിലായത്. കഴിഞ്ഞ ഒക്ടോബർ 22 ന് പന്തളം സ്വകാര്യ ബസ് സ്റ്റാൻഡിൽ നിന്ന് കള്ളനോട്ടുമായി പിടിയിലായ നഞ്ചത്ത്ചെട്ടിയാരുടെ സഹായിയായ ഇയാൾ ഒളിവിലായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

സംസ്ഥാനതല ഉപന്യാസ മത്സരം

തിരുവനന്തപുരം: ഈ വർഷത്തെ ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് ജില്ലാ ഉപഭോക്തൃ സമിതി സംസ്ഥാന അടിസ്ഥാനത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നു. ജി.എസ്.ടിയും ഉപഭോക്താക്കളും എന്നതാണ് വിഷയം. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാം. മലയാള ഭാഷയിൽ 10 പേജിൽ കവിയാൻ പാടില്ല. പേര്, വിലാസം, ഫോൺ നമ്പർ എന്നിവ പ്രത്യേക പേപ്പറിൽ എഴുതിചേർത്തിരിക്കണം. ഉപന്യാസ രചനകൾ ഒക്ടോബർ 31-നകം ഡി. വേണുഗോപാൽ, ജനറൽ സെക്രട്ടറി, തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ സമിതി, പുണർതം, തിരുപുറം, തിരുപുറം പി.ഒ, തിരുവനന്തപുരം - 695133 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446101804, 8075873684.

നെടുമ്പാശേരിയിൽ വീണ്ടും സ്വർണവേട്ട

ഒരു കോടിക്ക് പിന്നാലെ 29 ലക്ഷത്തിന്റെ സ്വർണം പിടിച്ചു

▸കെ.സി. സ്മിജൻ

നെടുമ്പാശേരി: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ കസ്റ്റംസ് പരിശോധനകൾ കർശനമാക്കിയപ്പോൾ അനധികൃത സ്വർണക്കടത്ത് വേട്ട തുടർക്കഥയാകുന്നു. കഴിഞ്ഞ ദിവസം മൂന്ന് പേരിൽ നിന്നായി ഒരു കോടിയിലേറെ രൂപയുടെ സ്വർണം പിടിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന്മുമ്പേ അടുത്ത കേസ് കൂടി കസ്റ്റംസ് രജിസ്റ്റർ ചെയ്തു.

ഇന്ന് പുലർച്ചെ ഒരു മണിയോടെ കോലാലംപൂരിൽ നിന്നും എയർ ഏഷ്യയുടെ എഫ്. ഡി 170 വിമാനത്തിൽ നെടുമ്പാശേരിയിലെത്തിയ പഞ്ചാബ് സ്വദേശി നരീന്ദ്രകുമാർ ജൽഹോത്രയിൽ നിന്നും 29 ലക്ഷം രൂപയുടെ അനധികൃത സ്വർണം പിടികൂടി. വിമാന മിറങ്ങിപുറത്തേക്ക്പോകാനുള്ള ശ്രമത്തിനിടെയാണ് പ്രതി പിടിയിലായത്.

സ്ത്രീകൾ തലമുടിയിൽ ഇടുന്ന റബർ റിംഗിൽ ചെറിയ ചതുര കഷണമായി ഘടിപ്പിച്ചാണ് സ്വർണം കടത്തിയത്. 926.500 ഗ്രാം സ്വർണമാണ് പിടിച്ചെടുത്തത്. കസ്റ്റംസ് പ്രിൻസിപ്പൽ കമ്മിഷണർ പുല്ലേല നാഗേശ്വര റാവുവിന്റെയും അഡീഷണൽ കമ്മിഷണർ എസ്. അനിൽകുമാറിന്റെയും നിർദ്ദേശത്തെ തുടർന്നാണ് വിമാനത്താവളത്തിൽ പരിശോധന കർശനമാക്കിയിട്ടുള്ളത്.

ഞായറാഴ്ച രാത്രിയും ഇന്നലെ പകലുമായി മൂന്ന് യാത്രക്കാരിൽ നിന്ന് ഒരു കോടിയിലേറെ രൂപയുടെ മൂന്നേ കാൽ കിലോ സ്വർണം കസ്റ്റംസ് പിടികൂടിയിരുന്നു.

നെടുമ്പാശേരിയിൽ ഹയർ ബാന്റിന്റെ മറവിൽ കടത്തുന്നതിനിടെ പിടികൂടിയ സ്വർണം

ഫയർഫോഴ്സ് അസോ. മേഖലാ സമ്മേളനം നാളെ

കരുനാഗപ്പള്ളി: കേരള ഫയർ ഫോഴ്സ് തിരുവനന്തപുരം മേഖലാ സമ്മേളനം നാളെ കരുനാഗപ്പള്ളി പുതുമണ്ണേൽ ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 10.30ന് ചേരുന്ന പൊതുസമ്മേളനം മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യും.

വിശിഷ്ടസേവാ മെഡൽ നേടിയവരെ ആർ. രാമചന്ദ്രൻ എം.എൽ.എ അനുമോദിക്കും. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉയർന്ന വിജയം നേടിയ വിദ്യാർത്ഥികൾക്ക് എം.എൽ.എ മാരായ എൻ. വിജയൻപിള്ള, കോവൂർ കുഞ്ഞുമോൻ എന്നിവർ അവാർഡ് വിതരണം ചെയ്യും.